## കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

10(*190) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ലാവുകളും മൃഗശാലകളുമാണുള്ളത്; അവ ഏതൊക്കെ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ എല്ലാതരം പക്ഷി-മൃഗാദികളും സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയത് പൂർണ്ണതോതിൽ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കാഴ്ചബംഗ്ലാവ്/മൃഗശാല എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 6 കാഴ്ചബംഗ്ലാവുകളും തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകളുമാണുള്ളത്. കാഴ്ചബംഗ്ലാവുകൾ താഴെ പറയുന്നവയാണ്:

തിരുവനന്തപുരം
ആർട്ട് ഗ്യാലറി
ആർട്ട് മ്യൂസിയം
നാച്വറൽ ഹിസ്റ്ററി മ്യൂസിയം

തൃശ്ശൂർ
വിവിധോദ്ദേശ്യ മ്യൂസിയം
ആർട്ട് മ്യൂസിയം

കോഴിക്കോട്

ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം



LIBRARY ARCHIVES Kerala Legislative Assembly

(ബി &സി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലായി 831 സസ്തനികൾ, 338 പക്ഷികൾ, 239 ഉരഗങ്ങൾ എന്നിങ്ങനെ പക്ഷിമൃഗാദികളെ ഒരുക്കിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൃഗശാലയിൽ ഇല്ലാത്തതുമായ പക്ഷിമൃഗാദികളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

## ആദിവാസികളുടെ പ്രശ്നങ്ങൾ

11(*191) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഈ സർക്കാരിന്റെ കാലയളവിൽ സംഭവിച്ചതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിലെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചേർന്നെടുത്ത തീരുമാനങ്ങൾ നടപ്പിലായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികൾക്ക് പ്രഖ്യാപനങ്ങളും ആശകളും മാത്രമാണ് ലഭിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ച ഉണ്ടായിട്ടില്ല. ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-10-2014-ന് ചേർന്ന യോഗത്തിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായും ഭവന നിർമ്മാണവുമായും, പെസ നിയമം നടപ്പിലാക്കുന്നതുമായും വിദ്യാർത്ഥികൾക്ക് പഠന ആനുകൂല്യം നൽകുന്നതുമായും ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly